വൈദ്യുതി ബോർഡിന്റെ വിവിധ ഓഫീസുകളിൽ നടത്തിയ മിന്നൽ പരിശോധനകളിൽ കണക്ഷൻ വിച്ഛേദിക്കുന്നതിലും തിരികെ നൽകുന്നതിലും ഉള്ള ക്രമക്കേടുകൾ, വൈദ്യുതി കണക്ഷൻ നൽകുന്നതിലെ ക്രമക്കേടുകൾ തുടങ്ങിയവയും കണ്ടുപിടിക്കപ്പെട്ടിട്ടുണ്ട്. എക്സൈസ് ഓഫീസുകളിൽ നടത്തിയ മിന്നൽ പരിശോധനകളിൽ കണക്കിൽപ്പെടാത്ത രൂപ കണ്ടെത്തിയിട്ടുണ്ട്. സിറ്റി കോർപ്പറേഷൻ ഓഫീസുകളിൽ നടത്തിയ മിന്നൽ പരിശോധനകളിൽ നികുതി ഈടാക്കുന്നതിലും ഇളവു നൽകുന്നതിലും ഉള്ള ക്രമക്കേടുകൾ, കെട്ടിട നിർമ്മാണത്തിനുള്ള അനുവാദം നൽകുന്നതിലുള്ള ക്രമക്കേടുകൾ, അനധികൃത നിർമ്മാണം, പൊളിച്ചുമാറ്റുന്നതിലെ ക്രമക്കേടുകൾ, കെട്ടിട നികുതി നിശ്ചയിക്കുന്നതിലെ ക്രമക്കേടുകൾ തുടങ്ങിയവ കണ്ടെത്തിയിട്ടുണ്ട്.

(സി) ഉണ്ട്. വിജിലൻസ് അന്വേഷണത്തിന്റെ രഹസ്യ സ്വഭാവം കണക്കിലെടുത്ത് റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കാൻ നിർവ്വാഹമില്ല.

(ഡി) മോട്ടോർ വാഹന വകുപ്പിലെ 7 ഉദ്യോഗസ്ഥൻമാർക്കെതിരെ 2 വിജിലൻസ് കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. കേസിൽ ഉൾപ്പെട്ട 7 ഉദ്യോഗസ്ഥൻമാരെയും സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്. കൂടാതെ 61 ഉദ്യോഗസ്ഥൻമാർക്കെതിരെ വകുപ്പുതല നടപടികൾ ശുപാർശ ചെയ്തിട്ടുണ്ട്.

ചെക്ക്പോസ്റ്റുകളിലെ 38 ഉദ്യോഗസ്ഥൻമാർക്കെതിരെ 5 വിജിലൻസ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. മേൽപ്പറഞ്ഞ 38 ഉദ്യോഗസ്ഥൻമാരെയും സസ്പെന്റ് ചെയ്തിട്ടുണ്ട്.

രജിസ്ട്രേഷൻ വകുപ്പിലെ 7 ഉദ്യോഗസ്ഥൻമാർക്കെതിരെ 5 വിജിലൻസ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ 7 ഉദ്യോഗസ്ഥൻമാർ ഉൾപ്പെടെ 30 ഉദ്യോഗസ്ഥൻമാരെ സസ്പെന്റ് ചെയ്തിട്ടുണ്ട്. കൂടാതെ 94 ഉദ്യോഗസ്ഥൻമാർക്കെതിരെ വകുപ്പുതല നടപടികൾക്ക് ശുപാർശ ചെയ്തിട്ടുണ്ട്.

വൈദ്യുതി ബോർഡിലെ 185 ഉദ്യോഗസ്ഥൻമാർക്കെതിരെ വകുപ്പുതല നടപടികൾക്ക് ശുപാർശ ചെയ്തിട്ടുണ്ട്.

എക്സൈസ് വകുപ്പിലെ 14 ഉദ്യോഗസ്ഥൻമാർക്കെതിരെ 43 വിജിലൻസ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. മേൽപ്പറഞ്ഞ 14 ഉദ്യോഗസ്ഥൻമാരെയും സസ്പെന്റ് ചെയ്തിട്ടുണ്ട്.

(ഇ) ഇത്തരത്തിലുള്ള മിന്നൽ പരിശോധനകൾ തുടർന്നും നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ജുഡീഷ്യൽ അന്വേഷണങ്ങൾ

74 [5218] ശ്രീ. മത്തായി ചാക്കോ:

,, ടി. കെ. ദേവകുമാർ:

,, വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം സംഭവങ്ങളെ സംബന്ധിച്ച് ജുഡീഷ്യൽ അന്വേഷണം പ്രഖ്യാപിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) അവ ഏതെല്ലാം എന്ന് വെളിപ്പെടുത്താമോ;

(സി) ഇതിൽ ഓരോ ജുഡീഷ്യൽ അന്വേഷണത്തിന്റെയും ടേംസ് ഓഫ് റഫറൻസ് എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇതിനകം ഏതെല്ലാം അന്വേഷണ കമ്മീഷനുകളുടെ റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ടെന്ന് പറയാമോ;

(ഇ) സർക്കാരിനു ലഭിച്ച റിപ്പോർട്ടിൽ മേൽനടപടി എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം താഴെകൊടുക്കുന്ന സംഭവങ്ങൾ സംബന്ധിച്ച് 1952-ലെ കമ്മീഷൻ ഓഫ് എൻക്വയറി ആക്ട് പ്രകാരം ജുഡീഷ്യൽ അന്വേഷണം പ്രഖ്യാപിച്ചിട്ടുണ്ട്:

1. തിരുവനന്തപുരം തുമ്പയിൽ 2001 ഡിസംബറിൽ പോലീസ് വെടിവെയ്പിനിടയായ സാഹചര്യങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിന് ശ്രീ. ജി. രാജപ്പൻ ആചാരി കമ്മീഷനെ നിയോഗിച്ചു.

2. കോട്ടയം കുമരകത്ത് 2002 ജൂലായിൽ ഉണ്ടായ ബോട്ടപകടത്തെക്കുറിച്ച് അന്വേഷിക്കുന്നതിന് ജസ്റ്റീസ് കെ. നാരായണക്കുറുപ്പ് കമ്മീഷനെ നിയോഗിച്ചു.

3. കൊല്ലം കുപ്പണയിൽ അടുത്ത കാലത്തുണ്ടായ മദ്യദുരന്തത്തെക്കുറിച്ച് അന്വേഷിക്കുന്നതിന് ജസ്റ്റീസ് ടി. കെ. ചന്ദ്രശേഖരദാസ് കമ്മീഷനെ നിയോഗിച്ചു.

4. 2003 മേയ് മാസത്തിൽ കോഴിക്കോട് മാറാടുണ്ടായ വർഗ്ഗീയ സംഘട്ടനത്തെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണം പ്രഖ്യാപിച്ചിട്ടുണ്ട്. കമ്മീഷനെ നിയമിച്ചിട്ടില്ല.

(സി) അനുബന്ധമായി ചേർത്തിരിക്കുന്ന വിജ്ഞാപനങ്ങൾ കണ്ടാലും. †

(ഡി, ഇ) ഈ ഗവൺമെന്റ് നിയമിച്ച ജസ്റ്റീസ് കെ. നാരായണകുറുപ്പ് കമ്മീഷൻ 30-3-2003-ന് സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചു. ആയത് പരിശോധിച്ചുവരികയാണ്.

കോടതികളിലെ തീർപ്പാക്കാത്ത കേസുകൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ നടപടി

75 [5219] ശ്രീ. കെ. പി. സതീശ്ചന്ദ്രൻ:
„ പി. സി. ജോർജ്:
„ മഞ്ഞളാംകുഴി അലി:
„ കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly